പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1801 **26-10-2026-ൽ മറുപടിയ്ക്ക്**

ഓഫീസ് അറ്റൻഡന്റ് തസ്തിക മിനിസ്റ്റീരിയൽ വിഭാഗത്തിൽ ഉൾപ്പെടുത്തൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ഡോ. മാത്യു കുഴൽനാടൻ	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) ഓഫീസ് അറ്റൻഡന്റ് തസ്തിക മിനിസ്റ്റീരിയൽ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

മറുപടി: കേരള ലാസ്റ്റ് ഗ്രേഡ് സർവീസ് വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 1, കാറ്റഗറി 2 (k)-ൽ ഉൾപ്പെടുന്ന തസ്തികയാണ് വിവിധ വകുപ്പുകളിലെ ഓഫീസ് അറ്റൻഡന്റ് തസ്തിക.

(ബി) ഓഫീസ് അറ്റൻഡന്റ് തസ്തിക മിനിസ്റ്റീരിയൽ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച ഹൈക്കോടതിയുടെയും (ഓ.പി.(കെ.എ.റ്റി.)നമ്പർ 149/2015 തീയതി 28.02.2017) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെയും (ഓ.എ.[ഇ.കെ.എം.]-1657/2023, തീയതി 5/08/2026) ഉത്തരവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

മറുപടി: വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തിക മിനിസ്റ്റീരിയൽ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ, അടിയന്തരമായി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

മറുപടി: വിവരം ശേഖരിച്ചു നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ